**<u>രജിസ്റ്റേർഡ് (എഡി സഹിതം)</u>**

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ– **695035**

ഫോൺ: **0471 2302490** ഫാക്സ്: **0471 2303025 / 2303080**

ഇമെയിൽ: **dhskerala.hlth@kerala.gov.in** വെബ്സൈറ്റ്: **www.dhs.kerala.gov.in**

---

**DHS/3996/2025-EA4** തീയതി. **05-01-2026**

**<u>കാരണം കാണിക്കൽ നോട്ടീസ്</u>**

വിഷയം: ആരോഗ്യവകുപ്പ്-ഡോ ജിലു മറിയ ജോസഫ്, അസിസ്റ്റന്റ് സർജൻ / കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ- അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് - തുടർ നടപടി സ്വീകരിക്കുന്നത് – സംബന്ധിച്ച്

പരാമർശം: **1. DMOH-PKD/2140/2025-A1** തീയതി **03.04.2025**

**2.** ഡോ ജിലു മറിയ ജോസഫ് സമർപ്പിച്ച അപേക്ഷ തീയതി **03.06.2024**

ഡോ ജിലു മറിയ ജോസഫ് (**Dr Jilu Maria Joseph**) എന്ന താങ്കൾ പാലക്കാട് മുണ്ടൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ അസ്സന്റ് സർജൻ തസ്തികയിൽ സേവനത്തിലിരിക്കവെ **24.11.2022** മുതൽ **21.07.2023** വരെ പഠനാവശ്യത്തിനുള്ള ശൂന്യവേതനാവധിയിൽ പ്രവേശിച്ചു. കോഴ്സ് കാലാവധിയ്ക്കു ശേഷം തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് യഥാസമയം അപേക്ഷ സമർപ്പിച്ചിരുന്നില്ല. **22.07.2023** തീയതി മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുകയാണെന്ന് പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഒഴിവാക്കാനാകാത്ത സാഹചര്യത്തിൽ ഉപരിപഠനത്തിന് ശേഷം തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിന് അപേക്ഷ സമർപ്പിക്കുവാൻ കഴിഞ്ഞിരുന്നില്ലെന്നും നിർബന്ധിത ബോണ്ടഡ് സേവനത്തിന്റെ ഭാഗമായി സീനിയർ റസിഡൻസിയ്ക്ക് പ്രവേശിച്ചതായും ആരോഗ്യ വകുപ്പിൽ തിരികെ സേവനത്തിൽ പ്രവേശിപ്പിക്കണമെന്നും പരാമർശം (**2**) പ്രകാരം അപേക്ഷ സമർപ്പിച്ചു. **23.11.2022** തീയതി സേവനത്തിൽ പ്രവേശിച്ച താങ്കൾ പ്രൊബേഷണർ ആണ്. പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി ജോലിയ്ക്ക്

ഹാജരാകാതിരുന്നതിനാൽ താങ്കളുടെ വർക്ക് ആന്റ് കോണ്ടക്റ്റ് തൃപ്തികരമായി കാണക്കാക്കുന്നതിന് കഴിയുകയില്ല. ആയതിനാൽ പരാമർശം (2) പ്രകാരമുള്ള അപേക്ഷ തൃപ്തികരമായി കണക്കാകുന്നതിന് കഴിയുകയില്ല. ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പാർട്ട് II റൂൾ 19 (a) (ii) പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനും താത്കാലികമായി തീരുമാനിക്കുന്നു.

(2) ടി സാഹചര്യത്തിൽ മേൽ ഖണ്ഡിക പ്രകാരമുള്ള താത്കാലിക തീരുമാനത്തിനെതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് നോട്ടീസ് ലഭിച്ച് 15 (പതിനഞ്ച്) ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. ടി വിഷയത്തിൽ താങ്കളെ നേരിട്ട് കേൾക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആയത് നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. തൽസംബന്ധമായ വിശദീകരണം ടി കാലയളവിനുള്ളിൽ ലഭ്യമാക്കാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Signed by
Reena K J
Date: 05-01-2026 12:19:34

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Jilu Maria Joseph,**

**Nellippallil (H), Kuruvamoozhy (PO),**

**Erumely, Kottayam- 686509**

(രണ്ടു പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. ഒരു പകർപ്പ് താങ്കളുടെ തീയതിയോടു കൂടിയ ഒപ്പ് രേഖപ്പെടുത്തി തിരികെ ലഭ്യമാക്കേണ്ടതാണ്)

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
പാലക്കാട്.

3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,

കുടുംബാരോഗ്യ കേന്ദ്രം മുണ്ടൂർ, പാലക്കാട്

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

5. ഫയൽ